ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 26.10.2025**

## പ്രധാനവാർത്തകൾ

1. സർദാർ വല്ലഭായി പട്ടേൽ നൽകിയ സംഭാവനകൾക്ക് രാജ്യം എന്നും കടപ്പെട്ടിരിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. സംസ്കാരം, പ്രകൃതി, സമൂഹം എന്നിവ തമ്മിലുള്ള ഐക്യത്തിന്റെ പ്രതിഫലനമാണ് ഛഠ് ഉത്സവമെന്നും മൻ കി ബാത്തിൽ പരാമർശം.

2. ലോകമെമ്പാടും ഇന്ത്യൻ കാപ്പിയുടെ പ്രചാരം വർധിച്ചു വരുന്നതായി പ്രധാനമന്ത്രി. കേരളത്തിലെ വയനാട് ഉൾപ്പെടുള്ള പ്രദേശങ്ങളിലെ കാപ്പിയുടെ വൈവിധ്യം ശ്രദ്ധേയമെന്നും നരേന്ദ്രമോദി.

3. വന്ദേമാതരത്തിൽ പരാമർശിക്കുന്ന തേജസ്സുള്ള രാജ്യത്തെ കെട്ടിപ്പടുക്കാൻ ഓരോ പൗരൻമാരും ശ്രമിക്കണമെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രിയുടെ ആഹ്വാനം.

4. സംസ്ഥാനത്ത് അമ്മമാർക്കും കുഞ്ഞുങ്ങൾക്കുമുള്ള അനുപൂരക പോഷക പദ്ധതിക്ക് 93.4 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ.

5. സംസ്ഥാനത്തെ തെക്കൻ ജില്ലകളിൽ ശക്തമായ മഴ തുടരും. ജലനിരപ്പ് ഉയർന്നതിനാൽ അച്ചൻകോവിൽ

RNU TVPM

നദിയിൽ മഞ്ഞ ജാഗ്രത. കേരള തീരത്ത് മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്ക്.

6. സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ആധിപത്യം തുടരുന്നു. തൃശൂരും പാലക്കാടും രണ്ടും മൂന്നും സ്ഥാനത്ത്.

&&&&&&&&&&&&&&&

<u>മൻ കി ബാത്ത്-ഛഠ് ഉത്സവം</u>

സംസ്കാരം, പ്രകൃതി, സമൂഹം എന്നിവ തമ്മിലുള്ള അഗാധ ഐക്യത്തിന്റെ പ്രതിഫലനമാണ് ഛഠ് ഉത്സവമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും ഛഠ് പീഠങ്ങളിൽ ഒന്നിക്കുന്നതായി മൻ കി ബാത്തിൻറെ 127-ാം പതിപ്പിൽ അദ്ദേഹം പറഞ്ഞു. ഇത്തവണ ഉത്സവകാലത്ത് ഉണ്ടായ മറ്റൊരു പ്രധാനപ്പെട്ട മാറ്റം തദ്ദേശീയ വസ്തുക്കൾ വാങ്ങുന്നത് ഗണ്യമായി വർദ്ധിച്ചതാണെന്നും ജി.എസ്.ടി. സമ്പാദ്യോത്സവ ത്തിൽ ജനങ്ങൾ ഏറെ ആവേശത്തിലാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&

<u>മൻ കി ബാത്ത് - ഏക്താ ദിവസ് - ഇൻട്രോ</u>

ആധുനിക കാലത്ത് രാജ്യത്തെ ഏറ്റവും മഹത് വ്യക്തികളിൽ ഒരാളായിരുന്നു സർദാർ വല്ലഭ് ഭായ് പട്ടേലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അനുസ്മരിച്ചു. ഉപപ്രധാനമന്ത്രി, ആഭ്യന്തരമന്ത്രി എന്നീ നിലകളിൽ സർദാർ പട്ടേൽ നൽകിയ സംഭാവനകൾക്ക് രാജ്യം എന്നും കടപ്പെട്ടിരിക്കുന്നതായി അദ്ദേഹം പറഞ്ഞു. സർദാർ പട്ടേലിന്റെ 150-ാം ജന്മവാർഷികം ഈ മാസം 31 ന് രാജ്യമെമ്പാടും ആഘോഷിക്കുമ്പോൾ ഇതോടനുബന്ധിച്ച്

സംഘടിപ്പിക്കുന്ന റൺ ഫോർ യൂണിറ്റിയിൽ എല്ലാവരും പങ്കെടുക്കണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

(വോയിസ്)

&&&&&&&&&&&&&&&

**<u>മൻ കി ബാത്ത് - ശുചിത്വം</u>**

ശുചിത്വം, ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവയെ കുറിച്ചുള്ള നിരവധി പ്രചോദനാത്മക സംഭവങ്ങളും പ്രധാനമന്ത്രി ഇത്തവണ മൻ കി ബാത്തിൽ പങ്കുവെച്ചു. ഛത്തീസ്ഗഢിലെ അംബികാപൂരിൽ പ്രവർത്തിക്കുന്ന ഗാർബേജ് കഫേകൾ, ബെംഗളൂരുവിൽ തടാകങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് നടത്തുന്ന കാമ്പയിൻ, കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് ഗുജറാത്ത് വനം വകുപ്പ് ആരംഭിച്ച കാമ്പയിൻ തുടങ്ങിയവയെ കുറിച്ചായിരുന്നു അദ്ദേഹത്തിൻറെ പരാമർശം. 'മൻ കി ബാത്തിൽ' ചർച്ച ചെയ്യുന്ന വിഷയങ്ങൾ സമൂഹത്തെ പ്രചോദിപ്പിക്കുന്നതിൽ ഏറെ സംതൃപ്തിയുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&

**<u>മൻ കി ബാത്ത് - കാപ്പി (ഇൻട്രോ)</u>**

ലോകമെമ്പാടും ഇന്ത്യൻ കാപ്പിയുടെ പ്രചാരം വർധിച്ചു വരുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. തമിഴ്നാട്ടിലെ പുലാനി, ഷെവറോയ്, നീലഗിരി, അണ്ണാമലൈ മേഖലകളായാലും, കർണാടക-തമിഴ്നാട് അതിർത്തിയിലുള്ള ബിലിഗിരി മേഖലയായാലും, കേരളത്തിലെ വയനാട്, തിരുവിതാംകൂർ, മലബാർ പ്രദേശങ്ങളായാലും ഇന്ത്യൻ കാപ്പിയുടെ വൈവിധ്യം ശ്രദ്ധേയമാണെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

**&&&&&&&&&&&&&&&**

## മൻ കി ബാത്ത് - തദ്ദേശീയയിനം നായകൾ

രാജ്യത്തെ തദ്ദേശീയയിനം നായകളെ ദത്തെടുത്ത് പരിശീലനം നൽകുന്നതിൽ സുരക്ഷാ ഏജൻസികൾ നടത്തുന്ന ശ്രമങ്ങൾ പ്രശംസനീയമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബിഎസ്എഫും സിആർപിഎഫും സ്ക്വാഡുകളിൽ തദ്ദേശീയയിനം നായകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. മാവോയിസ്റ്റ് ബാധിത പ്രദേശങ്ങളിലെ പട്രോളിംഗിലും സ്ഫോടകവസ്തുക്കൾ കണ്ടെത്തുന്നതിലും പരിശീലനം ലഭിച്ച നായകൾ മികച്ച പ്രകടനമാണ് കാഴ്ച വെക്കുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു.

**&&&&&&&&&&&&&&&**

## മൻ കി ബാത്ത് - വന്ദേമാതരം ഇൻട്രോ

ദേശീയഗീതമായ വന്ദേമാതരത്തിൻറെ വരികളിൽ വിവരിക്കുന്ന ഓജസ്സും തേജസ്സുമുള്ള രാജ്യത്തെ കെട്ടിപ്പടുക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തു. നവംബർ 7 ന് വന്ദേമാതരത്തിന്റെ 150-◌ാ◌ം വാർഷിക ആഘോഷങ്ങളിലേയ്ക്ക് കടക്കുന്നതിന്റെ പശ്ചാത്തലത്തിലാണ് പ്രധാനമന്ത്രിയുടെ പരാമർശം. വാർഷികത്തോടനുബന്ധിച്ച് രാജ്യമെമ്പാടും നിരവധി പരിപാടികൾ സംഘടിപ്പിക്കും. #വന്ദേമാതരം150 എന്നതിനൊപ്പം നിർദ്ദേശങ്ങൾ പങ്കുവെക്കാനും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

RNU TVPM

(വോയിസ്)

**&&&&&&&&&&&&&&&**

## മൻ കി ബാത്ത് - ഉപസംഹാരം

സമൂഹ മാധ്യമത്തിൻറെ ലോകം സംസ്കൃത ഭാഷയ്ക്ക് പുതുജീവൻ നൽകിയിരിക്കുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. നിരവധി

യുവാക്കൾ സംസ്കൃത ഭാഷയെക്കുറിച്ചുള്ള റീലുകൾ തയ്യാറാക്കുകയും സമൂഹമാധ്യമം വഴി സംസ്കൃതം പഠിപ്പിക്കുകയും ചെയ്യുന്നതായി അദ്ദേഹം പരാമർശിച്ചു. സ്വാതന്ത്ര്യ സമര സേനാനി ബിർസ മുണ്ടയുടെ ജന്മവാർഷിക ദിനമായി അടുത്ത മാസം 15 ന് 'ഗോത്ര അഭിമാന ദിനം' ആഘോഷിക്കുന്നതിനെ കുറിച്ച് പരാമർശിച്ചു കൊണ്ടാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി മൻ കി ബാത്തിന്റെ 127-ാം പതിപ്പ് ഉപസംഹരിച്ചത്. രാജ്യത്തിൻറെ സ്വാതന്ത്ര്യത്തിനും ആദിവാസി സമൂഹത്തിൻറെ അവകാശങ്ങൾക്കും വേണ്ടി ബിർസ മുണ്ട നടത്തിയ പ്രവർത്തനങ്ങൾ അതുല്യമാണെന്നും അദ്ദേഹം അനുസ്മരിച്ചു.

&&&&&&&&&&&&&&&

<u>പ്രധാനമന്ത്രി- ആസിയാൻ</u>

മലേഷ്യയിലെ ക്വാലാലംപൂരിൽ നടക്കുന്ന 22-ാമത് ആസിയാൻ ഇന്ത്യ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വെർച്വലായി പങ്കെടുക്കും. സമഗ്ര പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുള്ള സംരംഭങ്ങളെ കുറിച്ച് ചർച്ച നടക്കും. നാളെ നടക്കുന്ന ഈസ്റ്റ് ഏഷ്യ ഉച്ചകോടിയിൽ പ്രധാനമന്ത്രിയെ പ്രതിനിധീകരിച്ച് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ പങ്കെടുക്കും.

RNUTVPM

&&&&&&&&&&&&&&&

<u>അനുപൂരക പോഷക പദ്ധതി</u>

സംസ്ഥാനത്ത് അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം ഉറപ്പാക്കുന്ന അനുപൂരക പോഷക പദ്ധതിക്ക് 93.4 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. സംയോജിത ശിശു വികസന സേവന പദ്ധതിയുടെ പ്രധാന ഭാഗമാണിത്. ആറുവയസിനു താഴെയുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ തുടങ്ങിയവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.

&&&&&&&&&&&&&&&

**<u>മഴ- കേരളം</u>**

സംസ്ഥാനത്തെ തെക്കൻ ജില്ലകളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം മുതൽ കാസർകോട് വരെയുള്ള ജില്ലകളിലും തൃശൂരിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ നദിയിൽ ജലനിരപ്പ് ഉയരുന്നതിനാൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നദീ തീരത്തുള്ളവർ ജാഗ്രത പാലിക്കണം. കേരള തീരത്ത് മറ്റന്നാൾ വരെയും ലക്ഷദ്വീപ്, കർണാടക തീരത്ത് ബുധനാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&

RNUTVPM

**<u>ഇടുക്കി അപകടം</u>**

ഇടുക്കിയിൽ കൊച്ചി - ധനുഷ്കോടി ദേശീയപാതയിലെ അടിമാലി കൂമ്പൻപാറ ലക്ഷം വീട് കോളനി ഭാഗത്തുണ്ടായ മണ്ണിടിച്ചിലിൽ ഒരാൾ മരിച്ചു. ബിജുവാണ് മരിച്ചത്. സംസ്കാരം ഇന്ന് ഉച്ചക്ക് ശേഷം വീട്ട് വളപ്പിൽ നടക്കും. ഭാര്യ സന്ധ്യയെ ഗുരുതര പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

&&&&&&&&&&&&&&&

**<u>കണ്ണൂർ- തെയ്യാട്ടം (ഇൻട്രോ)</u>**

ഉത്തര മലബാർ വീണ്ടും തെയ്യാട്ടങ്ങൾക്ക് വേദിയാകുന്നു. ഉറഞ്ഞാടുന്ന തെയ്യക്കോലങ്ങളും നിറഞ്ഞു നിൽക്കുന്ന വാദ്യ മേളങ്ങളും കൊണ്ട് ഇനി കാവുകൾ മുഖരിതമാകും.

**ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

&&&&&&&&&&&&&&&

<u>സ്കൂൾ കായികമേള</u>

സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ജില്ല കുതിപ്പ് തുടരുന്നു. 1,491 പോയിന്റുമായാണ് ആതിഥേയർ ഒന്നാം സ്ഥാനത്ത് തുടരുന്നത്. തൃശൂർ രണ്ടാമതും പാലക്കാട് മൂന്നാം സ്ഥാനത്തുമാണ്. മേളയിലെ നീന്തൽ ചാമ്പ്യൻഷിപ്പിൽ തിരുവനന്തപുരം കിരീടം നേടി. ഗെയിംസിലും തിരുവനന്തപുരമാണ് മുന്നിൽ.

&&&&&&&&&&&&&&&

<u>മന്ത്രി വി ശിവൻകുട്ടി</u>

പി എം ശ്രീ പദ്ധതിയിൽ നിന്ന് എപ്പോൾ വേണമെങ്കിലും പിൻമാറാൻ സാധിക്കുമെന്ന് കരാറിൽ വ്യവസ്ഥയുണ്ടെന്ന് മന്ത്രി വി ശിവൻകുട്ടി. തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിലെ 47 ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ഫണ്ട് ഒഴിവാക്കേണ്ടതില്ലെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&

&&&&&&&&&&

&&&

RNU TVPM